(ബി&സി) മേൽപ്പറഞ്ഞ ഒഴിവുകൾ ജൂനിയർ ഇൻസ്ട്രക്ടർ ഒഴികെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി നികത്തിവരുന്നു. ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ 149 എണ്ണം പി.എസ്.സി. വഴി നികത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുയോജ്യരായ ഉദ്യോഗാർത്ഥികളെ പി.എസ്. സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്താൻ കഴിയും. പി.എസ്.സി. ഒഴിവുകൾ നികത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയും ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ചും ഐ.ടി.ഐ.കളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

വകുപ്പിൽ പുതിയതായി ആരംഭിച്ച ട്രേഡുകളിലെ 192 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പുതിയ ട്രേഡുകളിലെ ഇൻസ്ട്രക്ടർ നിയമന യോഗ്യതകൾ പ്രത്യേക ചട്ടത്തിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിലാണ് ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത്. വകുപ്പിൽ നിലവിലുള്ള പ്രത്യേക ചട്ടം, കേരള ക്രാഫ്റ്റ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1971 ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള വകുപ്പുതല കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന തനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സമഗ്ര ഇൻഷ്വറൻസ് പദ്ധതി

92 (4148) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സ ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ആശുപത്രികളുടെ പട്ടികയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നവയെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിബന്ധനകൾ അംഗീകരിക്കുന്ന കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly